## 53

വന്ദനം വന്ദനമേ വന്ദിത വല്ലഭനേ വന്ദനം സ്തുതികൾ
യോഗ്യം നിനക്കെന്നും ഉന്നതനന്ദനനേ-ദേവാ

1 മരണവിധിയാൽ ശരണറ്റോനായ്
മരുവിൽവലഞ്ഞോരെന്നെ
മനുവേലനായി നീ ധരയിങ്കൽ വന്നു
മരണം വരിച്ചിതല്ലോ-ദേവാ

2 താതനെ മാനിച്ചും പാപിയെ സ്നേഹിച്ചും
പഴുലകിൽ വന്നു നീ
പാവനമാം നിൻചെന്നിണം ചിന്തി
പാപം പരിഹരിപ്പാൻ-എന്റെ

3 നന്ദിയാലെന്നുള്ളം നന്നേ നിറയുന്നേ
നിൻ സ്നേഹം ധ്യാനിക്കുമ്പോൾ
തൃപ്പാദം വീണിപ്പോൾ വാഴ്ത്തി വണങ്ങുന്നേ
സ്തോത്രം സ്തുതികളാലേ-ദേവാ

4 ഏകി സ്വർഗ്ഗഭാഗ്യം ഏഴകൾക്കായി നീ
പൂകി വാനനലോകത്തിൽ
വേഗം വരുമെന്ന വാഗ്ദത്തം പോൽ നാഥാ
മേഘേ വന്നിടേണമേ വേഗം- **K.V.I.**